LIBRARY ARCHIVES Kerala Legislative Assembly

വിദ്യാലയങ്ങളിലെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം

27 (5159) ശ്രീമതി കെ. കെ ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ വിദ്യാലയങ്ങളിലും കമ്പ്യൂട്ടറുള്ളതും സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കിയതുമായ എത്ര നിയമസഭാ മണ്ഡലങ്ങൾ സംസ്ഥാനത്തുണ്ടെന്നും അവ ഏതാണെന്നും വ്യക്തമാക്കുമോ ;

(ബി) വിദ്യാലയങ്ങളിലെ കമ്പ്യൂട്ടർ വിദ്യാർത്ഥികൾ ഉപകാരപ്രദമായി ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലെയും സർക്കാർ ഹൈസ്കൂളുകളിലും സർക്കാർ ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും ഐ.സി.ടി. പദ്ധതിയിൽ ചേർന്ന എയ്ഡഡ് സ്കൂളുകളിലും ഐ.ടി. @ സ്കൂൾ നേരിട്ട് കമ്പ്യൂട്ടർ ലഭ്യമാക്കി കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. അപ്പർ പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥികൾക്കും ഐ.സി.ടി. പഠനസഹായികൾ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഹൈസ്ക്കൂൾ ക്ളാസുകളിലെ വിദ്യാർത്ഥികൾക്ക് ആഴ്ചയിൽ രണ്ടു പീരീഡ് പ്രായോഗിക പഠനത്തിനായി സ്കൂൾ ടൈംടേബിളിൽ സമയം നൽകുന്നുണ്ട്. കൂടാതെ ബ്രോഡ്ബാന്റ് ഇന്റർനെറ്റുപോലെയുള്ള സൗകര്യങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുന്നതിനായി ഓരോ വിദ്യാർത്ഥിയും ഒരു ക്ളാസിൽ ഏറ്റവും കുറഞ്ഞത് 10 മണിക്കൂറെങ്കിലും സുരക്ഷിതവും ഫലപ്രദവുമായ രീതിയിൽ ഇന്റർനെറ്റ് ഉപയോഗിക്കുന്നതിന് സൗകര്യമൊരുക്കണമെന്ന് സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കുട്ടികൾ കമ്പ്യൂട്ടർ ലാബിൽ ചെയ്യുന്ന പ്രവർത്തനങ്ങൾ തുടർമൂല്യനിർണ്ണയത്തിന്റെ ഭാഗമായി പരിശോധിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

സർക്കാർ/എയിഡഡ് മേഖലയിലെ സ്പെഷ്യൽ സ്കൂളുകൾ

28 (5160) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ/എയിഡഡ് മേഖലയിൽ എത്ര സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ; അവ ഏതെല്ലാം ;

(ബി) സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളിലായി എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട് ; സ്കൂൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളിൽ ആകെ എത്ര അദ്ധ്യാപകർ ജോലി ചെയ്യുന്നു ; സ്കൂൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ഡി) സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ യോഗ്യതകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ഇ) നിലവിൽ അദ്ധ്യാപക പരിശീലനത്തിനായി കേരളത്തിൽ സ്പെഷ്യൽ എഡ്യൂക്കേഷൻ ട്രെയിനിംഗ് സെന്റർ പ്രവർത്തിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഒറ്റപ്പാലം സർക്കാർ ബധിര-മൂക വിദ്യാലയത്തോടനുബന്ധിച്ച് സ്പെഷ്യൽ എഡ്യൂക്കേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ജി) സ്പെഷ്യൽ എഡ്യൂക്കേഷൻ ട്രെയിനിംഗ് സെന്റർ തുടങ്ങുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന പ്രോജക്ട് സമർപ്പിക്കുവാൻ സർക്കാർ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(എച്ച്) പ്രോജക്ട് റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഐ) പ്രസ്തുത സ്പെഷ്യൽ സ്കൂൾ ഈ അദ്ധ്യയന വർഷം തന്നെ തുടങ്ങുന്നതിനായി ആക്ഷൻ പ്ലാൻ തയ്യാറാക്കുമോ ; വിശദാംശം ലഭ്യമാക്കുമോ

ഉത്തരം

(എ) സംസ്ഥാനത്ത് അന്ധ-ബധിര വിദ്യാർത്ഥികൾക്കായി സർക്കാർ മേഖലയിൽ 7 സ്കൂളുകളും എയ്ഡഡ് സ്റ്റാറ്റസ് നൽകിയ 32 സ്കൂളുകളും പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) അന്ധ-ബധിര വിദ്യാലയങ്ങളിലെ ഹെഡ്മാസ്റ്റർ ഉൾപ്പെടെയുള്ള അദ്ധ്യാപകരുടെ യോഗ്യത 22-11-1979-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.198/79/പൊ.വി.വ പ്രകാരം നിഷ്ക്കർഷിച്ചിട്ടുള്ളതാണ്.

(ഇ) നിലവിൽ സർക്കാർ മേഖലയിൽ സ്പെഷ്യൽ എഡ്യൂക്കേഷൻ ട്രെയിനിംഗ് സെന്റർ പ്രവർത്തിക്കുന്നില്ല.

(എഫ്) ഉണ്ട്.

(ജി & എച്ച്) പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്പെഷ്യൽ എഡ്യൂക്കേഷൻ ട്രെയിനിംഗ് സെന്റർ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിലവിലില്ലാത്ത സ്കീം ആയതിനാൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് വിദഗ്ദ്ധ സമിതിയെ നിയോഗിക്കേണ്ടതുണ്ട് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) സർക്കാർ മേഖലയിൽ സ്പെഷ്യൽ എഡ്യൂക്കേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ചും പ്രസ്തുത സ്ഥാപനം നിലവിലുള്ള ബധിര വിദ്യാലയത്തോടനുബന്ധിച്ച് തുടങ്ങുന്നത് സംബന്ധിച്ചും വിദഗ്ദ്ധ സമിതിയെ നിയോഗിച്ച് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

പുതുതായി അനുവദിച്ച സ്ക്കൂളുകൾ

29 (5161) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ സ്ക്കൂളുകൾക്ക് അനുവാദം നൽകി ; സ്ക്കൂളുകളുടെ പേരും സ്ഥലവും വ്യക്തമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചു നൽകുന്നതാണ്.

പി. ടി. എ. നടത്തുന്ന നഴ്സറി സ്കൂൾ

30 (5162) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ നടത്തുന്ന നഴ്സറി സ്കൂളുകൾ ഇപ്പോൾ എത്ര സ്കൂളുകളിൽ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം സർക്കാരിൽ ലഭ്യമാണോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ നഴ്സറി സ്കൂളുകളിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഈ ആവശ്യത്തിനായി പി.ടി.എ.-കൾക്ക് സർക്കാർ എന്തെങ്കിലും സഹായം നൽകുന്നുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) ലഭ്യമാണ്. 1068 (ആയിരത്തി അറുപത്തിയെട്ട്) സ്കൂളുകളിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇല്ല.

(സി) 23 ജൂൺ 2010-ലെ സ.ഉ. (എം എസ്.) നമ്പർ.99/10/പൊ.വി. പ്രകാരം പ്രീ-പ്രൈമറി ക്ളാസ്സുകളിലെ അധ്യാപകർക്കും ആയമാർക്കും യഥാക്രമം സർക്കാർ സഹായമായി പ്രതിമാസം 300 രൂപയും (മുന്നൂറ് രൂപ മാത്രം) 200 രൂപയും (ഇരുനൂറ് രൂപ മാത്രം) അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly